# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2731 — 20/03/2015 ൽ മറുപടിക്ക്

### പ്രൈമറി വിദ്യാഭ്യാസരംഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം കുറയുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ഇത് സംബന്ധിച്ച " ആനുവൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് 2014" ൽ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ഇത് ഔദ്യോഗികമായ ഒരു ഏജൻസി നടത്തിയ പഠനമല്ലാത്തതിനാൽ റിപ്പോർട്ട് ലഭ്യമല്ല. |
| (സി) പഠന നിലവാരം ഉയർത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ? | (സി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സമഗ്രപഠന പാഠ്യപദ്ധതി പരിഷ്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കിവരികയാണ്. പഠനനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഫിക്സ് ചെയ്ത് പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും പഠിതാക്കൾ അവ കൈവരിച്ചോ എന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിലയിരുത്തൽ തന്ത്രങ്ങൾ ശാസ്ത്രീയമായി രൂപപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. 1,3,5,7 എന്നീ ക്ലാസ്സുകളിൽ പുതിയ പാഠ്യപദ്ധതി 2014-15 അക്കാദമിക വർഷം നടപ്പിലാക്കി 2,4,6,8 എന്നീ ക്ലാസ്സുകളിൽ 2015-16 അക്കാദമിക വർഷം നടപ്പിലാക്കുന്നു. സമഗ്ര |

സ്കൂൾ വികസനം ലക്ഷ്യമിട്ട്
പ്രവർത്തനങ്ങൾ ആവിഷ്കരിച്ച്
നടപ്പിലാക്കി വരുന്നു. ഇതുമായി
ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ
എസ്.സി.ഇ.ആർ.ടി
തയ്യാറാക്കിവരുന്നുണ്ട്.
അദ്ധ്യാപകർക്ക് പരിഷ്കരിച്ച
പാഠ്യപദ്ധതിയെ ആസ്പദമാക്കി
പരിശീലനങ്ങൾ നൽകിവരുന്നു.
പഠനനിലവാരം ഉയർത്തുന്നത്
ലക്ഷ്യമാക്കിയാണ് മേൽ സൂചിപ്പിച്ച
നപടികൾ സ്വീകരിച്ച് വരുന്നത്.

സെക്ഷൻ ഓഫീസർ